**കേരള സർക്കാർ**

**ധനകാര്യ (വനിത ശിശു വികസനം) വകുപ്പ്**

**നം.6/2026/ധന** **തീയതി, തിരുവനന്തപുരം, 10.02.2026.**

## <u>സർക്കുലർ</u>

വിഷയം :– ധനകാര്യ വകുപ്പ് – "മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതി" – തുടർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന :– സ.ഉ(അ)നം.142/2025/ധന. തീയതി 10.11.2025.

"മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതി" നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും ഉൾപ്പെടുത്തി സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പദ്ധതിയുടെ ആനുകൂല്യ വിതരണവും ഫണ്ട് റിലീസും ആയി ബന്ധപ്പെട്ട് പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്, തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ അപ്രൂവ് ചെയ്ത ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസൃതമായി, മാസം തോറും ഫണ്ടിനായി ധനകാര്യ വകുപ്പിലേക്ക് റിക്വസ്റ്റ് ലഭ്യമാക്കേണ്ടതാണ്.

ii. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് നൽകുന്ന ഫണ്ട് റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ 2235-02-103-42-00-00-00-N-V ശീർഷകത്തിൽ നിന്നും തുക റിലീസ് ചെയ്യുന്നതിന് ധനകാര്യ (വനിത ശിശു വികസനം) വകുപ്പ് അനുമതി നൽകുന്നതാണ്.

iii. മേൽ അനുമതിയുടെ അടിസ്ഥാനത്തിൽ, ധനകാര്യ വകുപ്പിലെ DDO പദ്ധതിക്കായി സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് കനറാ ബാങ്കിലുള്ള അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

iv. അതത് മാസത്തെ ആനുകൂല്യ വിതരണം ചെയ്യുന്നതിന് അനുമതി നല്കിക്കൊണ്ട് ധനകാര്യ (വനിത ശിശു വികസനം) വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

v. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, മേൽ കാനറാ ബാങ്ക് അക്കൗണ്ടിൽ നിന്നും DBT വഴി ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് സ്വീകരിക്കേണ്ടതാണ്.

**ഷിബു എ.**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്-II), തിരുവനന്തപുരം.
2. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. ധനകാര്യ (ബഡ്ജറ്റ്-എച്ച്, അക്കൗണ്ട്സ്) വകുപ്പ്.
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
5. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്.
6. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് www.finance.kerala.gov.in
8. കരുതൽ ഫയൽ/ ഓഫീസ് കോപ്പി. (E - 3404419)

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.